Page 1 of 1

LIBRARY ARCHIVES Kerala Legislative Assembly

ട്രഷറികളിൽ എ.റ്റി.എം. സൗകര്യം

81(5240) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ട്രഷറികളിൽ എ.റ്റി.എം. സൗകര്യം ഏർപ്പെടുത്തുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം എത്ര ട്രഷറികളിൽ ഈ സൗകര്യം ഏർപ്പെടുത്തിയെന്നറിയിക്കാമോ; സൗകര്യം ഏർപ്പെടുത്തിയിട്ടില്ലായെങ്കിൽ കാരണം വ്യക്തമാക്കുമോ?

റ്റി.എസ്.ബി അക്കൗണ്ടുകളിൽനിന്ന് എ.ടി.എം.വഴി പണം പിൻവലിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാർ തീരുമാനിച്ചിരുന്നെങ്കിലും RBI-യുടെ അനുമതി ലഭിക്കാത്ത സാഹചര്യത്തിൽ ഇതുവരെ നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല.

ട്രഷറികളിലെ കോർ ബാങ്കിംഗ് സംവിധാനം

82(5241) ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ട്രഷറികളിൽ കോർ ബാങ്കിംഗ് സംവിധാനം നടപ്പാക്കിയതിനുശേഷം ഗുണപരമായ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടായിട്ടുള്ളതെന്നറിയിക്കുമോ?

ട്രഷറികളിൽ കോർ ബാങ്കിംഗ് സംവിധാനം ഏർപ്പെടുത്തിയതിനു ശേഷമുണ്ടായ ഗുണപരമായ മാറ്റങ്ങൾ ചുവടെ ചേർക്കുന്നു.

1. ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് ഉടമയ്ക്ക് സംസ്ഥാനത്തെ ഏതു ട്രഷറിയിൽനിന്നും പണമിടപാടുകൾ നടത്തുവാൻ കഴിയുന്നു എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട നേട്ടം. വിവിധ വകുപ്പുകളുടെ പദ്ധതി/പദ്ധതിയേതര ചെലവ് ശീർഷകത്തിൽനിന്നും/ ട്രഷറി സേവിംഗ്സ് അക്കൗണ്ടുകൾ, പി.ഡി അക്കൗണ്ടുകൾ എന്നിവയിൽനിന്നും തുക ഗുണഭോക്താവിന്റെ ബാങ്ക്/ട്രഷറി അക്കൗണ്ടിലേയ്ക്ക് നൽകുവാൻ കഴിയുന്നു. കൂടാതെ, സർക്കാർ ജീവനക്കാരുടെ ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നേരിട്ട് ബാങ്ക് അക്കൗണ്ടിലേയ്ക്കും, ജീവനക്കാരുടെ താത്പര്യമനുസരിച്ച് ട്രഷറി അക്കൗണ്ടിൽ നിലനിർത്തുന്ന തുക ആവശ്യാനുസരണം ഓൺലൈൻ ഇടപാടിലൂടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് മാറ്റുവാനുള്ള സൗകര്യവും നിലവിൽ വന്നു. പ്രതിമാസ പെൻഷനും മറ്റ് പെൻഷൻ ആനുകൂല്യങ്ങളും പെൻഷൻകാരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുവാനുള്ള സൗകര്യവും നിലവിലുണ്ട്.